(ഡി) രോഗികളെ മർദ്ദിച്ചതായി അറിവ് ലഭിച്ചിട്ടില്ലാത്തതിനാൽ മൊഴിരേഖപ്പെടുത്തിയിട്ടില്ല.

(ഇ) 116 രൂപ വില വരുന്ന ഒരു ടോർച്ച് കേടുവരുത്തിയിട്ടുണ്ട്.

റൗഡി ലിസ്റ്റിൽപ്പെട്ട ആളുകളെ പോലീസ് സേനയിലേക്ക് റിക്രൂട്ട് ചെയ്ത സംഭവം

82(823) ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ആർ ബാലകൃഷ്ണപിള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൗഡി ലിസ്റ്റിൽപ്പെട്ട ആളുകളെ പോലീസ് സേനയിലേക്ക് റിക്രൂട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് കാരണമെന്താണ്;

(സി) പോലീസ് സേനയിലേക്ക് ആളുകളെ റിക്രൂട്ട് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെക്കെയാണ്;

(ഡി) ഇതിനു വിരുദ്ധമായി എന്തെങ്കിലും 1996-ന് ശേഷം നടന്നിട്ടുണ്ടോ;

(ഇ) കൊല്ലം ജില്ലയിലെ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ നിയമിക്കപ്പെട്ട കോൺസ്റ്റബിൾമാർ അവരെ നിയമിച്ച പോലീസ് സ്റ്റേഷനിൽ തന്നെ റൗഡി ലിസ്റ്റിൽപ്പെട്ടവരായിരുന്നു എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇങ്ങനെ നിയമിക്കപ്പെട്ട പോലീസുകാർ ആരെല്ലാമാണ്;

(ജി) ഇവർ എത്ര കേസുകളിൽ പ്രതികളായിരുന്നു; ഈ കേസുകളെല്ലാം ചാർജ് ചെയ്യപ്പെട്ടവയായിരുന്നോ;

(എച്ച്) ഈ കേസുകൾ പിൻവലിച്ചതിനുശേഷമാണോ സർക്കാർ ഇവരെ നിയമിച്ചത്?

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) എഴുത്തു പരീക്ഷ, കായിക ക്ഷമതാ പരീക്ഷ, വൈദ്യപരിശോധന എന്നിവയിൽ വിജയം കൈവരിക്കണം. കൂടാതെ തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ സ്വഭാവത്തേയും, നടത്തയേയും പറ്റിഅന്വേഷിച്ച് പോലീസിൽ നിയമിക്കപ്പെടാൻ അർഹനാണെന്ന സർട്ടിഫിക്കറ്റ്, വെരിഫിക്കേഷൻ റോൾ എന്നിവയുടെ പരിശോധനയും റിക്രൂട്ട്മെന്റ് നടപടിക്രമത്തിൽപ്പെടുന്നു.

(ഡി) ഇല്ല

(ഇ)-(ജി) എഴുകോൺ പോലീസ് സ്റ്റേഷനിൽ സ്പെഷ്യൽ ഡ്യൂട്ടിക്കായി വന്ന ജയപ്രകാശ്, ഷാജി എന്നിവർ പ്രസ്തുത സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന ക്രൈം 114/94 കേസിലെ പ്രതികൾ ആയിരുന്നു. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

കേസിന്റെ ചാർജ്ജ് ഷീറ്റ് 30.5.94-ൽ കോടതിയിൽ സമർപ്പിക്കുകയും 30.1.97-ൽ പ്രതികളെ കോടതി വെറുതെ വിടുകയും ചെയ്തിട്ടുണ്ട്.

(എച്ച്) ടി കേസിൽ പ്രതികളെ 31.1.97-ൽ കോടതി വെറുതെ വിട്ടതിനു ശേഷമാണ് ഇവരെ പോലീസ് സേനയിലേക്ക് നിയമിച്ചിട്ടുള്ളത്.

വിഴിഞ്ഞം സംഭവം അന്വേഷിച്ച കമ്മിഷന്റെ റിപ്പോർട്ട്

83(824) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. പാലോട് രവി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-ലെ വിഴിഞ്ഞം സംഭവത്തിൽ ജൂഡിഷ്യൽ അന്വേഷണം വേണമെന്ന് അന്നത്തെ പ്രതിപക്ഷം ആവശ്യപ്പെട്ടിരുന്നോ;

(ബി) ഈ സംഭവം അന്വേഷിക്കുന്നതിന് കമ്മിഷനെ നിയോഗിച്ചിരുന്നുവോ; എങ്കിൽ എന്ന്;

(സി) കമ്മിഷൻ റിപ്പോർട്ട്നൽകുകയുണ്ടായോ എങ്കിൽ എന്നാണ് നൽകിയത്;

(ഡി) ആ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(ഇ) മേശപ്പുറത്ത് വച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(എഫ്) വിഴിഞ്ഞം സംഭവം അന്വേഷണകമ്മിഷൻ അതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് നൽകിയ ശേഷം മറ്റേതെല്ലാം അന്വേഷണകമ്മിഷനുകൾ അതാതിന്റെ റിപ്പോർട്ടുകൾ ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ടോ; എന്തൊക്കെയാണ് അവർ സമർപ്പിച്ചത്;

(ജി) അവയിൽ ഏതെല്ലാം നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) 18--9-95-ന് ശ്രീ. ആർ ഗോപാലകൃഷ്ണപിള്ളയെ അന്വേഷണ കമ്മിഷനായി നിയമിക്കുകയുണ്ടായി.

(സി) 27-5-98-ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ഡി)&(ഇ) റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടില്ല. റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(എഫ്) വിഴിഞ്ഞം കമ്മിഷന്റ റിപ്പോർട്ട് സമർപ്പിച്ചശേഷം ശ്രീ.ആർ.രാജേന്ദ്രബാബു കമ്മിഷൻ (ഫോറൻസിക് സയൻസ് ലാബ് തീപിടിത്തം) 1-7-98-നും ശ്രീ. ജസ്റ്റീസ് ഭാസ്ക്കരൻ നമ്പ്യാർ കമ്മിഷൻ ബ്രഹ്മപുരം ജസ്റ്റീസ് ഭാസ്ക്കരൻ നമ്പ്യാർ കമ്മിഷൻ (ശിവഗിരി ലാത്തി ചാർജ്ജ്) 28-8-99-നും റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

1122/2010.

LIBRARY ARCHIVES Kerala Legislative Assembly